(ഇ) ഡലിവറി വാൻ വാങ്ങി അഡ്വാൻസ്ഡ് ലൈഫ് സേവിംഗ് (ALS) ആംബുലൻസായി സജ്ജമാക്കുന്നതിന് ഒരു ആംബുലൻസിന് വാഹനവില ഉൾപ്പെടെ 31.9 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(എഫ്) ഇത്തരത്തിലുള്ള ഒരു പരാതിയും നാളിതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ആശാ പ്രവർത്തകരുടെ സേവനം

39 (6191) ശ്രീമതി കെ. കെ. ലതിക :
ശ്രീ. പി. ശശികുമാർ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശാ പ്രവർത്തകരുടെ സേവനം സമൂഹത്തിന് എന്തു മാത്രം പ്രയോജനപ്പെട്ടിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) ആശാ പ്രവർത്തകർക്ക് നൽകുന്ന ഇൻസെന്റീവ് എന്തെല്ലാമാണ് ?

ഉത്തരം

(എ) ആശാ പ്രവർത്തകരുടെ സേവനം സമൂഹത്തിന് എത്ര പ്രയോജനപ്പെട്ടിട്ടുണ്ട്എന്ന് വിലയിരുത്തുന്നതിനുള്ള ഒരു പഠനം കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടന്നുവരുന്നു. ആശാപ്രവർത്തകരുടെ സേവനം വിലയിരുത്തുന്നത് അതാത് സ്ഥലത്ത് അവർ നടത്തുന്ന പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് അവർക്ക് ഇൻസെന്റീവും നൽകുന്നത്.

(ബി) ആശാപ്രവർത്തകർക്ക് നൽകുന്ന ഇൻസെന്റീവുകൾ താഴെ പറയുന്നവയാണ്.

1. പരിശീലനങ്ങൾക്ക് യഥാർത്ഥ യാത്രാപ്പടി.

2. പരിശീലന ദിവസങ്ങൾക്ക് 100 രൂപ വീതം ക്ഷാമബത്ത.

3. ആരോഗ്യ സ്ഥാപനങ്ങളിൽ മാസംതോറും നടക്കുന്ന മീറ്റിംഗിന് 100 രൂപ.

4. ജനനി സുരക്ഷാ യോജന പ്രകാരം ഒരു ഗുണഭോക്തൃവിനെ സഹായിക്കുന്നതിന് 200 രൂപ.

5. മാസംതോറും നടക്കുന്ന പ്രതിമാസ കുത്തിവെയ്പുകൾക്ക് കുട്ടികളെ കൊണ്ടുവരുന്നതിന് 100 രൂപ (കുറഞ്ഞത് 5 കുട്ടികളെ എങ്കിലും)

6. വന്ധ്യംകരണത്തിന് സ്ത്രീകളെ പ്രേരിപ്പിക്കുന്നതിന് 150 രൂപയും പുരുഷൻമാർക്ക് 200 രൂപയും

7. വാർഡുതല ആരോഗ്യ പോഷക ദിനം സംഘടിപ്പിക്കുന്നതിന് 150 രൂപ (കുറഞ്ഞത് 25 പേരെയെങ്കിലും പങ്കെടുപ്പിക്കണം)

8. തിമിര ശസ്ത്രക്രിയയ്ക്ക് പ്രേരണ നൽകി ശസ്ത്രക്രിയ നടത്തുകയും ചെയ്യുന്നതിന് 175 രൂപ (ഒരു കണ്ണിന്)

LIBRARY ARCHIVES Kerala Legislative Assembly

9. ടി.ബി. രോഗികൾക്ക് കഫ പരിശോധനയ്ക്കും അതിനുശേഷം ഡോട്സ് നൽകുന്നതിനുമായി 250 രൂപ.

റെഡ് റിബ്ബൺ എക്സ്പ്രസ്സ്

40 (6192) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) കഴിഞ്ഞ ഫെബ്രുവരിയിൽ എയിഡ്സ് ബോധവൽക്കരണത്തിന്റെ ഭാഗമായി 'റെഡ് റിബ്ബൺ എക്സ്പ്രസ്സ്' സംസ്ഥാനത്ത് പ്രദർശനം നടത്തുകയുണ്ടായോ ;

(ബി) എങ്കിൽ ഈ പ്രദർശനത്തിന് മികച്ച രീതിയിൽ സംഘാടനം നടത്തിയ ജില്ലയ്ക്കും മികച്ച മാധ്യമ റിപ്പോർട്ടർക്കും എയിഡ്സ് കൺട്രോൾ സൊസൈറ്റി അവാർഡ് പ്രഖ്യാപിക്കുകയുണ്ടായോ ;

(സി) ഈ അവാർഡ് ഇതിനകം നൽകുകയുണ്ടായോ ;

(ഡി) എങ്കിൽ മികച്ച ജില്ല ഏതെന്നും മികച്ച മാധ്യമ റിപ്പോർട്ടർ ആരെന്നും വ്യക്തമാക്കുമോ ;

(ഇ) ഇല്ലെങ്കിൽ ഇത് എന്നത്തേയ്ക്ക് നൽകാനാണുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) പ്രദർശനം നടത്തുകയുണ്ടായി.

(ബി) അവാർഡ് പ്രഖ്യാപിക്കുകയുണ്ടായി.

(സി) നൽകിയിട്ടില്ല.

(ഡി) മികച്ച ജില്ല - കൊല്ലം

മികച്ച ടെലിവിഷൻ റിപ്പോർട്ടർ -ശ്രീ. ബി. ജെ. പ്രദീപ് (ജീവൻ ടി.വി. കൊച്ചി)

മികച്ച അച്ചടി റിപ്പോർട്ടർ - ശ്രീ. എം. സുരേഷ് ബാബു (ജനയുഗം, മലപ്പുറം)

(ഇ) അവാർഡ് നൽകുന്നതിനുള്ള തീയതി നിശ്ചയിച്ചിട്ടില്ല.

സമഗ്ര ചികിത്സാ നയം

41 (6193) ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ആരോഗ്യ രംഗത്ത് ഒരു സമഗ്ര ചികിത്സാ നയം ആവിഷ്കരിക്കുന്നതിനും ഡ്രഗ് ഹോർമുല തയ്യാറാക്കുന്നതിനും സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly